I ഇ.ബി. XIII-കേരള നിയമസഭ/XV-4

# പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2015 ഡിസംബർ 03, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തരസമയം)

## പ്രത്യേക പരാമർശം

ചെന്നൈയിലെ പേമാരി ദുരന്തം

മി. സ്പീക്കർ: ഈ നൂറ്റാണ്ടിലെ ഏറ്റവും ശക്തമെന്ന് വിശേഷിപ്പിക്കപ്പെട്ട പേമാരിയെത്തുടർന്ന് ചെന്നൈ നഗരം സ്തംഭിച്ചിരിക്കുകയാണ്. അവിടത്തെ ജനങ്ങൾ ഭയാശങ്കയിലാണ്. മഴ ഇപ്പോഴും തുടരുകയാണ്. ഇരുന്നൂറിലേറെ പേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്. ധാരാളം മലയാളികൾ ചെന്നൈയിൽ കുടുങ്ങി

കിടക്കുകയാണ്. ഈ ദുരന്തത്തിൽ നിന്നും എത്രയും വേഗം അവർ രക്ഷപ്പെടട്ടെയെന്ന് പ്രാർത്ഥിക്കാം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : ഇന്നലെ ഈ സഭയെ അറിയിച്ചതനുസരിച്ച് തിരുവനന്തപുരത്തുണ്ടായിരുന്ന മന്ത്രിമാരെല്ലാവരും ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തുകയും കൺട്രോൾ റൂം തുറക്കുകയും തമിഴ്നാട് സർക്കാരുമായി ബന്ധപ്പെട്ട് അവർക്ക് സഹായം വാഗ്ദാനം ചെയ്യുകയും ചെയ്തിട്ടുണ്ട്. ചെന്നൈ സർക്കാരുമായി ടെലിഫോണിൽ ബന്ധപ്പെടുന്നതിന് ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ദുരന്തത്തിൽ അകപ്പെട്ടവർക്ക് സഹായമെത്തിക്കുന്നതിന് പരമാവധി ശ്രമിക്കുന്നതാണ്.

## അടിയന്തരപ്രമേയം

### സോളാർ എൻക്വയറി കമ്മീഷന് മുമ്പാകെ നടത്തിയ വെളിപ്പെടുത്തലുകൾ

മി. സ്പീക്കർ: മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിക്ക് അഞ്ചരക്കോടി രൂപ കോഴ നൽകിയെന്നും, ടീം സോളാർ കമ്പനിയുടെ വളർച്ചയിൽ മുഖ്യമന്ത്രിക്ക് പങ്കുണ്ടെന്നും കമ്മീഷൻ ആവശ്യപ്പെട്ടാൽ ഈ തെളിവുകൾ ഹാജരാക്കാമെന്നും സോളാർ എൻക്വയറി കമ്മീഷൻ മുമ്പാകെ ബിജു രാധാകൃഷ്ണൻ നൽകിയ വെളിപ്പെടുത്തലിനെത്തുടർന്ന് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച

ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഇ.പി. ജയരാജൻ, വി. എസ്. സുനിൽ കുമാർ, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സോളാർ തട്ടിപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ പുറത്തുവന്നയുടൻതന്നെ വിട്ടുവീഴ്ചയില്ലാത്ത നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. സാമ്പത്തിക തട്ടിപ്പുകേസുകൾ സമഗ്രമായി അന്വേഷിക്കുന്നതിനായി ഒരു പ്രത്യേക അന്വേഷണ സംഘം രൂപീകരിക്കുകയും രജിസ്റ്റർ ചെയ്ത 33 കേസുകളിലും സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കി കോടതികളിൽ ചാർജ്ഷീറ്റ് നൽകുകയും ചെയ്തിട്ടുണ്ട്. കേസന്വേഷണത്തിൽ ഹൈക്കോടതിയും സുപ്രീംകോടതിയും തൃപ്തി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ കേസിൽ സി.ബി.ഐ. അന്വേഷണം നടത്തുന്നതിനെതിരെ കേസിലെ പരാതിക്കാരൻ തന്നെ ഹൈക്കോടതിയിൽ നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. അന്വേഷണം പൂർത്തിയാക്കി ചാർജ്ഷീറ്റ് സമർപ്പിച്ച ബാബുരാജൻ വാദിയായ കേസിൽ കോടതി വിചാരണ പൂർത്തിയാക്കി പ്രതികളായ ബിജു രാധാകൃഷ്ണനെയും സരിതാ നായരെയും ശിക്ഷിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് സഭയ്ക്കകത്തും പുറത്തും വന്നിട്ടുള്ള ആരോപണങ്ങൾ അന്വേഷിക്കുന്നതിന് നിയമിച്ച ജസ്റ്റിസ് ശിവരാജൻ കമ്മീഷന്റെ പ്രവർത്തനങ്ങൾ സുഗമവും സുതാര്യവുമായി

മുന്നോട്ടുപോകുകയാണ്. കമ്മീഷന് സർക്കാർ എല്ലാ സഹായവും ചെയ്തുകൊടുത്തിട്ടുണ്ട്. കമ്മീഷന് മുമ്പിൽ നൂറുകണക്കിന് സാക്ഷികൾ ഹാജരായി തെളിവ് നൽകിവരികയാണ്. ഈ പ്രക്രിയയുമായി കമ്മീഷൻ മുന്നോട്ടുപോകുമ്പോൾ ഒരു സാക്ഷിയുടെ മൊഴിയിലെ ഏതാനും ചില പരാമർശങ്ങൾ അടർത്തിയെടുത്ത് ഇപ്രകാരം ആരോപണങ്ങൾ ഉന്നയിക്കുന്നത് കമ്മീഷനെ തന്നെ അവഹേളിക്കുന്നതിന് തുല്യമാണ്. ഇപ്പോൾ മുഖ്യമന്ത്രിക്കെതിരെയും മറ്റും മൊഴി നൽകിയിരിക്കുന്ന ബിജു രാധാകൃഷ്ണൻ അറുപതോളം ക്രിമിനൽ കേസുകളിൽ പ്രതിയും രണ്ട് കേസുകളിൽ ഇതിനകം ശിക്ഷ ലഭിച്ചിട്ടുള്ള വ്യക്തിയുമാണ്. സ്വന്തം ഭാര്യയെ കൊലപ്പെടുത്തിയ കേസിൽ ജീവപര്യന്തം തടവുശിക്ഷ ലഭിച്ചതിലുള്ള വിരോധം തീർക്കാനായി മുഖ്യമന്ത്രിക്കും മറ്റുമെതിരെ ഉന്നയിച്ചിട്ടുള്ള ആരോപണങ്ങൾ നിലനിൽക്കുന്നതല്ല.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: മുഖ്യമന്ത്രിക്ക് അഞ്ചരക്കോടി രൂപ കൈക്കൂലി കൊടുത്തുവെന്ന ബിജു രാധാകൃഷ്ണന്റെ ആരോപണം ഇന്ന് ദേശീയ മാധ്യമങ്ങളിലെ പ്രധാന വാർത്തയാണ്. സോളാർ കേസുമായി ബന്ധപ്പെട്ട് ആരോപണവിധേയരെ സംരക്ഷിക്കുന്ന നിലപാടാണ് മുഖ്യമന്ത്രി സ്വീകരിച്ചിട്ടുള്ളത്. അഴിമതിയുടെ കേന്ദ്രബിന്ദു മുഖ്യമന്ത്രിയുടെ ഓഫീസാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് സോളാർ കേസ് അന്വേഷിക്കുന്ന ജുഡീഷ്യൽ കമ്മീഷൻ

മുഖ്യമന്ത്രിയേയും അദ്ദേഹത്തിന്റെ ഓഫീസിനെയും അന്വേഷണത്തിന്റെ പരിധിയിൽപ്പെടുത്തിയത്. കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ട് പ്രകാരം മുഖ്യമന്ത്രിയടക്കമുള്ളവർ ഹാജരായി തെളിവുകൾ നൽകണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടിട്ടും നാളിതുവരെ മുഖ്യമന്ത്രി അതിന് തയ്യാറായിട്ടില്ല. എറണാകുളം ഗസ്റ്റ്ഹൗസിൽ ക്രിമിനൽകേസ് പ്രതി ബിജു രാധാകൃഷ്ണനുമായി നടത്തിയ രഹസ്യചർച്ച എന്തായിരുന്നുവെന്ന് മുഖ്യമന്ത്രി വിശദീകരിക്കണം. ജുഡീഷ്യൽ കമ്മീഷൻ ജയിൽ ഡി.ജി.പി.ക്ക് കർശന നിർദ്ദേശം നൽകിയതിനെ തുടർന്നാണ് മൊഴി നൽകാനായി കമ്മീഷൻ മുമ്പാകെ ബിജുരാധാകൃഷ്ണനെ ഹാജരാക്കിയത്. കോടിക്കണക്കിന് രൂപയുടെ സർക്കാർ വക ഭൂമി പ്രോജക്ടുകൾക്കായി ടീം സോളാറിന് കൈമാറുന്ന കാര്യത്തിലും ലാഭവിഹിതത്തിലും ധാരണയുണ്ടായിരുന്നുവെന്നും അഞ്ചുകോടിയിലധികം രൂപ മുഖ്യമന്ത്രിക്ക് നേരിട്ട് നൽകിയിട്ടുണ്ടെന്നുമാണ് ബിജു രാധാകൃഷ്ണൻ വെളിപ്പെടുത്തിയിട്ടുള്ളത്. മുഖ്യമന്ത്രിക്കെതിരായ ആരോപണത്തിന്റെ സത്യാവസ്ഥ തെളിയിക്കുന്നതിന് അദ്ദേഹം ബാധ്യസ്ഥനാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സോളാർ തട്ടിപ്പ് കേസിലെ ആരോപണങ്ങൾ സംബന്ധിച്ച് അന്വേഷിക്കുന്നതിനായി കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ട് പ്രകാരം രൂപീകരിച്ച കമ്മീഷൻ കൃത്യമായി അന്വേഷണം നടത്തിവരികയാണ്. കമ്മീഷന്റെ പരിധിയിലുള്ള കാര്യങ്ങൾ പൊതു ചർച്ചയ്ക്ക് വിധേയമാക്കുന്ന നടപടി തെറ്റാണ്. ഈ കേസിൽ നിയമപരമായി ചെയ്യാൻ കഴിയുന്നതെല്ലാം സർക്കാർ ചെയ്തിട്ടുണ്ട്. തട്ടിപ്പ് കേസുകളിലെ പ്രതികൾ അറസ്റ്റ് ചെയ്യപ്പെടുമ്പോൾ സമൂഹത്തിലെ ഉന്നതരുടെ പേരുകൾ പറയുന്ന അനാരോഗ്യകരമായ പ്രവണത തിരുത്തപ്പെടേണ്ടതാണ്. മാധ്യമങ്ങൾ ഇത്തരം വിഷയങ്ങൾ ബ്രേക്കിംഗ് ന്യൂസായി നൽകുമ്പോൾ കുറേക്കൂടി ജാഗ്രത പാലിക്കണം. ബിജു രാധാകൃഷ്ണനുമായി ബന്ധപ്പെട്ട് തിരുവനന്തപുരം സെൻട്രൽ ജയിൽ സൂപ്രണ്ടിനെതിരെ വന്ന പത്രവാർത്ത തെറ്റാണെന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുണ്ട്. സ്വതന്ത്രവും നീതിപൂർവ്വവുമായാണ് കമ്മീഷന്റെ പ്രവർത്തനം നടക്കുന്നത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഇവിടെ ഉന്നയിക്കപ്പെട്ട ആരോപ ണത്തിൽ ഒരു ശതമാനമെങ്കിലും കഴമ്പുണ്ടെങ്കിൽ ഞാൻ ഈ സ്ഥാനത്തിരിക്കാനോ പൊതുരംഗത്ത് പ്രവർത്തിക്കാനോ അർഹനല്ല. സോളാർ ആരോപണവുമായി

ബന്ധപ്പെട്ട ആക്ഷേപങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ടേംസ് ഓഫ് റഫറൻസിൽനിന്നും പ്രതിപക്ഷം പിന്മാറുകയാണുണ്ടായത്. കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് സ്ഥാപിച്ച മുഖ്യമന്ത്രിയുടെ ഓഫീസിലെ സി.സി. ടി.വി. പതിനാല് ദിവസത്തെ ദൃശ്യങ്ങൾ മാത്രമേ ലഭ്യമാകുകയുള്ളൂ. സി.സി.ടി.വി. പിടിച്ചെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള കത്തിന് ഗവൺമെന്റിന്റെ ഒരു പ്രതിനിധിയുടെ സാന്നിദ്ധ്യത്തിൽ പ്രതിപക്ഷം സജസ്റ്റ് ചെയ്യുന്ന ടെക്നിക്കൽ മെമ്പറെക്കൊണ്ട് പരിശോധിപ്പിക്കാമെന്ന് മറുപടി നൽകിയെങ്കിലും അതുസംബന്ധിച്ച് യാതൊരു പ്രതികരണവും പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായില്ല. കൊലക്കേസ് അന്വേഷിച്ച ഡിവൈ.എസ്.പി-ക്കും കേസ്സ് നടത്തിയ പ്രോസിക്യൂട്ടർക്കും ശിക്ഷ വിധിച്ച ജഡ്ജിക്കും എതിരെ ആരോപണമുന്നയിച്ച ആളാണ് ബിജു രാധാകൃഷ്ണൻ. ഞാനുമായി കൂടിക്കാഴ്ച നടത്തിയ സമയത്ത് ബിജു രാധാകൃഷ്ണനോടൊപ്പം മറ്റൊരാളും ഉണ്ടായിരുന്നു. അന്ന് ബിജു രാധാകൃഷ്ണന്റെ പേര് ആർ.ബി. നായർ എന്നാണ് പറഞ്ഞിരുന്നത്. ഒരു രഹസ്യ സ്വഭാവമുള്ള കാര്യമാണ് അന്ന് സംസാരിച്ചത്. അത് വെളിപ്പെടുത്തണമെന്ന് പ്രതിപക്ഷം ആവശ്യപ്പെട്ടെങ്കിലും എന്റെ മാന്യതകൊണ്ട് ഞാനത് ചെയ്തില്ല. കൂടിക്കാഴ്ച വിവാദമായപ്പോഴാണ് കൂടെ ഉണ്ടായിരുന്ന ആളെ ഞാൻ തിരിച്ചറിഞ്ഞത്. പിന്നീട് അദ്ദേഹം കമ്മീഷന് മുമ്പിൽ മൊഴി നൽകിയിട്ടുണ്ട്. ബിജു രാധാകൃഷ്ണൻ

ഉപയോഗിച്ച മുഖ്യമന്ത്രിയുടെ പേരിലുള്ള ലെറ്റർ പാഡ് അച്ചടിച്ച സ്ഥാപനം റെയ്ഡ് ചെയ്ത് ബന്ധപ്പെട്ട ആളെ അറസ്റ്റ് ചെയ്യുകയും ശിക്ഷിക്കുകയും ചെയ്തിട്ടുണ്ട്. അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിച്ചിരിക്കുന്ന ബിജു രാധാകൃഷ്ണൻ തെളിവുകൾ ഹാജരാക്കാൻ തയ്യാറാകണം. പൊതുപ്രവർത്തകരുടെ പേരിൽ ഇത്തരത്തിൽ ആരോപണമുന്നയിക്കുന്നതിനെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): പൊതുപ്രവർത്തകർക്കെതിരെ അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിക്കുന്ന പ്രവണത അനഭിലഷണീയമാണ്. ഇവിടെ ഉന്നയിച്ചിരിക്കുന്ന ആരോപണങ്ങൾ വസ്തുതാപരമാണെന്ന് കണ്ടെത്തിയാൽ പൊതുപ്രവർത്തനം അവസാനിപ്പിക്കാൻ തയ്യാറാണ്. വ്യക്തിഹത്യ നടത്തുന്ന രീതിയിൽ അപവാദ പ്രചരണങ്ങൾ നടത്തുന്നവരെ കണ്ടെത്തണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർക്കാരിന്റെ ചെയ്തികൾ സംസ്ഥാനത്തിന് നാണക്കേടായിരിക്കുകയാണ്. അഴിമതി, കെടുകാര്യസ്ഥത തുടങ്ങിയവയാണ് ഇത്രയും നാൾ കേട്ടതെങ്കിൽ കേരളം ലജ്ജിച്ചുതലതാഴ്ത്തുന്ന വാർത്തകളാണ് ഇപ്പോൾ വന്നുകൊണ്ടിരിക്കുന്നത്. മുഖ്യമന്ത്രിയെ സംബന്ധിച്ച് ഇന്നലെ വന്ന ആരോപണങ്ങൾ ശരിയാകരുതെന്നാണ് വ്യക്തിപരമായ ആഗ്രഹം. അഞ്ചരക്കോടി രൂപ കോഴ വാങ്ങിയതുൾപ്പെടെയുള്ള ആരോപണങ്ങളിൽ മുഖ്യമന്ത്രിയും ചില മന്ത്രിമാരും എം.എൽ.എ.മാരും ഉൾപ്പെട്ടിട്ടുണ്ട് എന്നതും ലജ്ജാകരമാണ്. കൊലക്കേസ് പ്രതിയായി ഒളിവിൽ കഴിയുന്നതിനിടയിൽ ബിജു രാധാകൃഷ്ണൻ മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയിൽ വന്നപ്പോൾ അയാളെ അറസ്റ്റ് ചെയ്യാൻ തയ്യാറായില്ല. സോളാർ അഴിമതിക്കേസ് ഒതുക്കിത്തീർക്കാൻ നോക്കിയെങ്കിലും ശക്തമായ പ്രക്ഷോഭങ്ങളെത്തുടർന്നാണ് ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിക്കേണ്ടിവന്നത്. മുഖ്യമന്ത്രിയുടെ ഓഫീസിനെ കമ്മീഷന്റെ അന്വേഷണ പരിധിയിൽ ഉൾപ്പെടുത്തിയതുകൊണ്ടാണ് തെളിവുകൾ പുറത്തുവന്നത്. ബിജു രാധാകൃഷ്ണന്റെ പക്കൽനിന്നും തെളിവുകൾ പിടിച്ചെടുത്ത് കോടതിയിൽ സമർപ്പിക്കേണ്ട ചുമതല ജയിൽ ഡി.ജി.പി. നിർവ്വഹിക്കണം. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനുൾപ്പെടുന്ന പ്രതി

പക്ഷാംഗങ്ങൾ സഭയുടെ നടുത്തളത്തിലിരുന്ന് പ്രതിഷേധിക്കാനാണ് തീരുമാനി ച്ചിരിക്കുന്നത്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭയുടെ നടുത്തളത്തിലിരുന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

## വ്യക്തിപരമായ വിശദീകരണം

ശ്രീ. പി.സി. വിഷ്ണുനാഥ്: പ്രതിപക്ഷനേതാവിനും മകനുമെതിരെ ഞാൻ നിയമസഭയിൽ ആരോപണം ഉന്നയിക്കുകയും മുൻസ്പീക്കറുടെ കാലത്ത് ശ്രീ. വി.ഡി. സതീശൻ, എം.എൽ.എ. ചെയർമാനായ ഒരു നിയമസഭാ കമ്മിറ്റിയെക്കൊണ്ട് അന്വേഷിപ്പിക്കുകയും അദ്ദേഹത്തിന്റെ അയോഗ്യനായ മകനെ പല സ്ഥാനങ്ങളിൽ നിയമിച്ചതുസംബന്ധിച്ച് എന്റെ കൈവശമുണ്ടായിരുന്ന മുഴുവൻ തെളിവുകളും ഹാജരാക്കുകയുമുണ്ടായി. അത് കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലടക്കം കണ്ടെത്തിയിട്ടുള്ള കാര്യങ്ങളാണ്. സോളാർ സംബന്ധിച്ച ആരോപണം ഉയർന്നുവന്നപ്പോൾ ഞാൻ പത്രസമ്മേളനം നടത്തുകയും സോളാർ കമ്മീഷൻ മുമ്പാകെ വിശദീകരണം നൽകിയിട്ടുള്ളതുമാണ്. വൈരനിര്യാതന ബുദ്ധിയോടുകൂടി ഞാൻ നടത്തുന്ന പോരാട്ടത്തെ ഭയപ്പെടുത്തി നിശബ്ദമാക്കുന്നതിനുള്ള ശ്രമമാണ് അദ്ദേഹം നടത്തിക്കൊണ്ടിരിക്കുന്നത്. ഇക്കാര്യത്തിൽ ഒരിക്കലും നിശബ്ദനാകുകയില്ല.

ശ്രീ. ഹൈബി ഈഡൻ: സോളാർ കേസുമായി ബന്ധപ്പെട്ട് നിരവധി സന്ദർഭങ്ങളിൽ എന്റെ പേര് ഉയർന്നുവന്നതിന്റേയും ഇന്ന് സഭയിൽ പരാമർശിച്ചതിന്റേയും അടിസ്ഥാനത്തിലാണ് വിശദീകരണം നൽകുന്നത്. കോട്ടയം സി.എം.എസ്. കോളേജിലും എറണാകുളം പോലീസ് കമ്മീഷണറുടെ ഓഫീസിലും സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള സഹായം നൽകുകവഴി ഞാൻ കമ്മീഷൻ കൈപ്പറ്റി എന്ന ഗുരുതരമായ അഴിമതിയാരോപണമാണ് ഉന്നയിച്ചിരിക്കുന്നത്. ഇതുസംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള തെളിവുകൾ ഹാജരാക്കാൻ പ്രതിപക്ഷത്തിനോ സോളാർ കമ്മീഷനോ കഴിഞ്ഞാൽ പൊതുപ്രവർത്തന രംഗത്തുനിന്ന് ഞാൻ പിന്മാറും. എന്റെ വാദഗതികളിൽ ശക്തമായി ഉറച്ചുനിൽക്കുന്നു. ഈ ആരോപണത്തിനെതിരെ നിയമപരമായി മുന്നോട്ടുപോകും.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സോളാർ പാനൽ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പണം വാങ്ങിയെന്ന ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ആരോപണം നിഷേധിക്കുന്നു. ഞാൻ പണം വാങ്ങിയെന്ന് അദ്ദേഹത്തിന് സ്ഥാപിക്കാൻ കഴിഞ്ഞാൽ രാഷ്ട്രീയ ജീവിതം അവസാനിപ്പിക്കും.

പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽകുമാർ): ഇന്നലെ ബിജു രാധാകൃഷ്ണൻ നൽകിയ മൊഴിയുമായി ബന്ധപ്പെട്ട് പത്രമാധ്യമങ്ങളിൽ വന്ന വാർത്തയുടെ അടിസ്ഥാനത്തിലും പ്രതിപക്ഷനേതാവ് എന്റെ പേര് പരാമർശിച്ച സാഹചര്യത്തിലും ചില കാര്യങ്ങൾ സൂചിപ്പിക്കാനാഗ്രഹിക്കുകയാണ്. മലപ്പുറത്തെ ഒരു സാധാരണ കുടുംബത്തിൽ ജനിച്ചുവളർന്ന് പൊതുപ്രവർത്തന രംഗത്ത് വന്ന ഒരു വ്യക്തിയാണ് ഞാൻ. അടിസ്ഥാനരഹിതമായ ആരോപണങ്ങൾ പ്രതിപക്ഷ നേതാവിനെപ്പോലുള്ളവർ ഉന്നയിക്കുമ്പോൾ സമൂഹത്തിൽ ഞങ്ങൾക്കെതിരെ യുണ്ടാകുന്ന തെറ്റിദ്ധാരണ വളരെ വലുതാണ്. ഇത്തരം വാർത്തകളിൽ എന്തെങ്കിലും വാസ്തവമുണ്ടോ എന്ന് പരിശോധിച്ചശേഷം ചർച്ചകൾ നടത്തി അതുമായി ബന്ധപ്പെട്ട വിഷയങ്ങൾ വിലയിരുത്താൻ ശ്രമിക്കണം. ഇത്തരം ആരോപണങ്ങൾ നിലനിൽക്കു ന്നതാണോയെന്ന് മാധ്യമങ്ങളും പരിശോധിക്കണം. ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും തെളിവ് ഹാജരാക്കാൻ സാധിച്ചാൽ ഞാൻ പ്രതിപക്ഷം പറയുന്ന എന്ത് നടപടിയും നേരിടാൻ തയ്യാറാണെന്ന് സൂചിപ്പിച്ചുകൊണ്ട് എല്ലാ ആരോപണങ്ങളും നിഷേധിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ സഭയുടെ നടുത്തളത്തിലിരുന്ന് സഭാനടപടികൾ തടസ്സപ്പെടുത്തുംവിധം ബഹളം വച്ചുകൊണ്ടിരുന്നതിനാൽ ബഹു.സ്പീക്കർ

ശ്രദ്ധക്ഷണിക്കലും സബ്മിഷനും റദ്ദ് ചെയ്യുകയും കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനങ്ങളിലേയ്ക്ക് കടക്കുകയും ചെയ്തു.)

## മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

1. സബ്ജക്ട് കമ്മിറ്റി VI-ന്റെ 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

2. സബ്ജക്ട് കമ്മിറ്റി VII-ന്റെ 2015-ലെ കൂലി കൊടുക്കൽ (കേരള ഭേദഗതി) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

3. സബ്ജക്ട് കമ്മിറ്റി XIV-ന്റെ 2015-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ടും 2015-ലെ ഹിന്ദു പിൻതുടർച്ച (കേരള ഭേദഗതി) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ടും സമർപ്പിക്കപ്പെട്ടു.

4. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിനാലാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

5. പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ തൊണ്ണൂറ്റിയേഴ്

മുതൽ നൂറ്റിമൂന്ന് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

6. പട്ടികജാതി പട്ടിവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഇരുപത്തിയാറ് മുതൽ ഇരുപത്തിയെട്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

7. പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ പത്തൊൻപത് മുതൽ ഇരുപത്തിയൊന്ന് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## നിയമനിർമ്മാണകാര്യം

### താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

### (1) 2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ബിൽ.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): 2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ബിൽ അവതരിപ്പിക്കുന്നു; ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: 2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും

സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: ഇന്ത്യയിൽ ആദ്യമായാണ് ഇത്തരത്തിലുള്ള ഒരു ബിൽ അവതരിപ്പിക്കുന്നത്. രണ്ടുമൂന്ന് വർഷക്കാലമായി ഈ ബില്ലിന്റെ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ധാരാളം കാര്യങ്ങൾ ഇതുസംബന്ധിച്ച് പഠിക്കുകയും ചെയ്തിട്ടുണ്ട്.

(പ്രതിപക്ഷാംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: 2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും ബിൽ) പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2015 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ: 2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

## (2) 2015-ലെ മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബിൽ

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): 2015-ലെ മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബിൽ അവതരിപ്പിക്കുന്നു; ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): 2015-ലെ മുന്നോക്കവിഭാഗങ്ങൾക്കു വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബിൽ സാമൂഹ്യസേവനം സംബന്ധിച്ച XIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ഉമ്മൻ ചാണ്ടി: സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുന്നോക്കവിഭാഗക്കാർക്ക് പ്രയോജനകരമായ പദ്ധതികൾ കൊണ്ടുവരുന്നതിനായി ഓർഡിനൻസ് പുറപ്പെടുവിച്ച് നിയമമാക്കുന്നതിനുവേണ്ടിയുള്ള ബില്ലാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്.

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല. )

2015-ലെ മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബിൽ സാമൂഹ്യസേവനം സംബന്ധിച്ച XIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(ചട്ടം 130 പ്രകാരമുള്ള ഉപക്ഷേപം മറ്റൊരു ദിവസത്തേയ്ക്ക് മാറ്റിവച്ചു.)

സഭ രാവിലെ 11.26-ന് പിരിഞ്ഞു.

******